ഉത്തരം

(എ) 51,847 കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

(ബി)&(സി) വർക്കല നഗരസഭാതിർത്തിയിലെ കുറെ കൈവശക്കാർ പട്ടയത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ മുനിസിപ്പൽ/ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി പട്ടയം നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ചില നിബന്ധനകൾക്ക് വിധേയമായി അർഹമായ കേസുകളിൽ കൈവശരേഖ നൽകുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

58 (560) നേമം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജുകളിലാണ് ലക്ഷം വീട്, പുറമ്പോക്ക് കൈവശക്കാർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പട്ടയം നൽകിയിട്ടുള്ളത്;

(ബി) എല്ലാ വില്ലേജുകളിലും ഈ വിഭാഗക്കാർക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(സി) ഇനി ഏതെല്ലാം വില്ലേജുകളിലാണ് പട്ടയം നൽകുവാനുള്ളത്;

(ഡി) അതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ഇ) എത്രയുംവേഗം എല്ലാവർക്കും പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പള്ളിച്ചൽ, മാറനല്ലൂർ, മലയിൻകീഴ്, വിളപ്പിൽ, വിളവൂർക്കൽ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ലക്ഷം വീട് നിവാസികൾ പുറമ്പോക്ക് കൈവശക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ വില്ലേജുകളിൽ ഏതാനും പേർക്കു കൂടി പട്ടയം നൽകാനുണ്ട്.

(ഡി) കെ.എൽ.എ റൂൾ പ്രകാരം നടപടികൾ എടുത്തുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

59 (561) മലയോര കർഷകർക്ക് പട്ടയം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1977 ന് മുൻപായി വനഭൂമി കൈവശം വച്ചു വരുന്ന മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) എത്ര മലയോര കർഷകരാണ് നിലവിൽ ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹരായിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം പട്ടയം നൽകുന്നതിന് ഓരോ ജില്ലയിലും എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഹൈറേഞ്ച് മുഴുവൻ വനഭൂമിയാണെന്നും മേഖലയിൽ വനേതര പ്രവർത്തനങ്ങൾക്ക് വനം വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും റവന്യൂ വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 1.1.1977-ന് മുൻപ് വനഭൂമി കൈവശം വച്ചുവരുന്ന മലയോര കർഷകർക്ക് പ്രത്യേകം തയ്യാറാക്കപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയം നൽകി വരവേ, ഇക്കാര്യത്തിൽ ബഹു:ഹൈക്കോടതിയുടെ നിരോധന ഉത്തരവ് ഉണ്ടായതിനാൽ പട്ടയം നൽകുന്നത് നിർത്തി വച്ചിരിക്കുകയാണ്. മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനായി ഫോറസ്റ്റ്-റവന്യൂ വകുപ്പുകൾ ചേർന്ന് നടത്തുന്ന സംയുക്ത പരിശോധന മിക്ക ജില്ലകളിലും പൂർത്തിയായി അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കോടതിയിലെ സ്റ്റേ നീക്കം ചെയ്യുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

തിരുവനന്തപുരം	ഇല്ല
കൊല്ലം	245
കോട്ടയം	928
ആലപ്പുഴ	ഇല്ല
ഇടുക്കി	33,778
പത്തനംതിട്ട	ഇല്ല
എറണാകുളം	3,055
തൃശ്ശൂർ	13,290
മലപ്പുറം	490
വയനാട്	803
കാസർഗോഡ്	54

കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ജില്ല തിരിച്ചുള്ള വിവരം

തിരുവനന്തപുരം	ഇല്ല
കൊല്ലം	520 ഏക്കർ
കോട്ടയം	211,32.59 ഹെക്ടർ
ആലപ്പുഴ	ഇല്ല
ഇടുക്കി	25,468 ഏക്കർ
പത്തനംതിട്ട	1166.27.4993 ഹെക്ടർ
എറണാകുളം	1375.10.38 ഹെക്ടർ
തൃശ്ശൂർ	3780.3482 ഹെക്ടർ
മലപ്പുറം	438,10.5 ഹെക്ടർ
വയനാട്	308.4841 ഹെക്ടർ
കാസർഗോഡ്	51,46 ഏക്കർ

കോഴിക്കോട്, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റവന്യൂ വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

60 (562) പുതിയ താലൂക്ക് രൂപീകരണം

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി.റ്റി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജനസംഖ്യയും വിസ്തൃതിയും ഭരണസൗകര്യവും മുൻനിറുത്തി പുതിയ താലൂക്കുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പുതിയ താലൂക്ക് എവിടെയാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്തെ താലൂക്കുകളുടെ പുനഃസംഘടന നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമൊന്നുമെടുത്തിട്ടില്ല.

61.(563) പുതിയ താലൂക്കുകൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ താലൂക്കുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) വർക്കലയിൽ ഏതെല്ലാം വില്ലേജുകൾ ഉൾപ്പെടുത്തിയാണ് താലൂക്ക് രൂപീകരണത്തിന് നിർദ്ദേശം ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) വർക്കല താലൂക്ക് രൂപീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) വെട്ടൂർ, ചെറുന്നിയൂർ എന്നീ രണ്ടു പഞ്ചായത്തുകൾ ചേർന്നുള്ള ഒറ്റ വില്ലേജ് പഞ്ചായത്തടിസ്ഥാനത്തിൽ വിഭജിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) റവന്യൂ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് റിപ്പോർട്ട് പരിശോധിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ. റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly